ഉത്തരം

1984-85 സാമ്പത്തിക വർഷത്തിൽ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകിയ വകയിൽ ചെലവായ തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 74,28,114.40 |
| കൊല്ലം | 67,10,575.70 |
| ആലപ്പുഴ | 1,47,52,069.46 |
| പത്തനംതിട്ട | 54,43,704.60 |
| കോട്ടയം | 78,89,181.65 |
| ഇടുക്കി | 24,20,346.00 |
| എറണാകുളം | 55,72,522.77 |
| തൃശ്ശൂർ | 1,16,72,526.00 |
| പാലക്കാട് | 1,40,57,099.70 |
| മലപ്പുറം | 1,65,01,575.48 |
| കോഴിക്കോട് | 93,04,193.50 |
| വയനാട് | 15,03,320.87 |
| കണ്ണൂർ | 99,33,548.00 |
| ആകെ | 11,31,88,868.03 |

കർഷകത്തൊഴിലാളി പെൻഷൻ കുടിശിഖ

1291. [1758] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷകത്തൊഴിലാളി പെൻഷന് എത്ര മാസത്തെ കുടിശിഖബാക്കിയുണ്ട്?

ഉത്തരം

കർഷകത്തൊഴിലാളി പെൻഷന് 1985 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളടങ്ങുന്ന ഒരു ഗഡു പെൻഷൻ കുടിശിഖ ബാക്കിയുണ്ട്.

പാച്ചിപൊടിച്ചിയുടെ കർഷകത്തൊഴിലാളി പെൻഷൻ

1292. [1759] ശ്രീ. കെ. ശങ്കരനാരയണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് കുര്യാത്തി ടി. സി. 40/367-ൽ ശ്രീമതി പാച്ചിപൊടിച്ചിക്ക് 3-2-1982-ൽ കർഷക തൊഴിലാളി പെൻഷൻ അനുവദിച്ചിരുന്നോ ;

(ബി) എങ്കിൽ അവർക്ക് ഇതുവരെയും പ്രസ്തുത പെൻഷൻ ലഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3-2-1982-ൽ കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചിരുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചിരുന്ന കമ്മറികളായിരുന്നു. ശ്രീമതി പാച്ചിപൊടിച്ചിക്ക് തിരുവനന്തപുരം കോർപ്പറേഷനിൽ നിലവിലുണ്ടായിരുന്ന കമ്മറി പെൻഷൻ അനുവദിച്ചതായി കാണുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly